(ഡി) ദേശീയ അന്തർദ്ദേശീയ മൽസരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനു കേരളീയ താരങ്ങൾക്കു എന്തെങ്കിലും പ്രത്യേക പരിശീലനം നൽകുവാൻ ഗവൺമെന്റിനു് പരിപാടി ഉണ്ടോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സോൾ ഏഷ്യാഡിൽ പങ്കെടുത്തു മെഡൽ ജേതാക്കളായ കേരളീയ കായികതാരങ്ങൾക്കും അവരുടെ കോച്ചുകൾക്കും താഴെപറയുന്ന ധനസഹായം നൽകുവാനാണു തീരുമാനിച്ചിട്ടുള്ളതു്.

കായികതാരങ്ങൾ (അത്ലറ്റിക്സ്)

കുമാരി പി. ടി. ഉഷ—3 ലക്ഷം രൂപയും 2.35 ലക്ഷം രൂപയുടെ ഒരു സ്റ്റാന്റേർഡ് 2000 കാറും

കുമാരി ഷൈനി കെ. എബ്രഹാം—ഒരുലക്ഷം രൂപ.

കുമാരി എം. ഡി. വൽസമ്മ—ഇരുപത്തി അയ്യായിരം രൂപ. വോളിബാൾ താരങ്ങൾ (വെങ്കല മെഡൽ ജേതാക്കൾ)

ശ്രീ. ജിമി ജോർജ്ജ് ഇരുപതിനായിര രൂപ

ശ്രീ. സിറിൽ സി വെള്ളൂർ ഇരുപതിനായിരം രൂപ

ശ്രീ. ഉദയകുമാർ ഇരുപതിനായിരം രൂപ

ശ്രീ. വിമൽകുമാർ, ബാഡ്മിന്റൺ (വെങ്കല മെഡൽ ജേതാവ്)—20,000 രൂപ

കുമാരി ഓമനകുമാരി, വനിതാഹോക്കി ടീം (വെങ്കല മെഡൽ ജേതാവ്) ഇരുപതിനായിരം രൂപ.

കോച്ചുകൾ :

ശ്രീ. ഒ. എം. നമ്പ്യാർ—ഒരുലക്ഷം രൂപ

ശ്രീ. എ. കെ. കുട്ടി—പതിനയ്യായിരം രൂപ

(വോളിബാൾ കോച്ചുകൾ)

ശ്രീ. അച്ചുതകുറുപ്പ് :
ശ്രീ. സേതുമാധവൻ : പതിനായിരം രൂപാവീതം

(ബി) പി. ഐ. ഉഷയെ ദത്തെടുക്കണമെന്നു് കേന്ദ്ര ഗവൺമെന്റിനോടു് ശുപാർശ ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(സി) ഈ കാര്യം കേന്ദ്രഗവൺമെന്റ് തീരുമാനിക്കേണ്ടതാണു്.

(ഡി) ഇക്കാര്യം പരിഗണനയിലാണു്.

സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കുള്ള ധനസഹായം

* 65 [65] ശ്രീ. പന്തളം സുധാകരൻ :
,, ബെന്നി ബഹനാൻ :
,, എം. എം. ഹസ്സൻ :
,, കെ. സി. ജോസഫ് :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ച ധനസഹായം ഇപ്പോഴും തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തടസ്സം നീക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ & ബി) ഇപ്പോഴം തടസ്സമൊന്നുമില്ല. ഇന്ത്യാ ഗവൺമെൻറിന്റെ പുതിയ നയമനുസരിച്ച് സ്വയംതൊഴിൽ പദ്ധതി ഏഴാം പദ്ധതിക്കാലം മുഴുവൻ തുടർന്നു നടത്തുന്നതാണ്.

കോഴിക്കോട് ഗവാളിയോർ റയോൺസ് ഫാക്ടറി

* 66. [66] ശ്രീ. ടി. കെ. ആറുമുഖൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കെ. മൂസ്സക്കുട്ടി :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൂട്ടിക്കിടക്കുന്ന കോഴിക്കോട്ടെ ഗവാളിയോർ റയോൺസ് ഫാക്ടറി ഗവൺമെൻറ് ഏറെറടുത്ത് പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

വിവിധ ആവശ്യങ്ങളുന്നയിച്ച് തൊഴിലാളികൾ പണിമുടക്കിയതിനാലാണ് ഫാക്ടറിയുടെ പ്രവർത്തനം നിലച്ചത്. മാനേജുമെൻറും തൊഴിലാളികളുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിനും ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ ശ്രമങ്ങളും തുടർന്നുവരികയാണ്. ഈ സാഹചര്യത്തിൽ ഇപ്പോഴം ഫാക്ടറി ഗവൺമെൻറ് ഏറെറടുക്കുന്ന കാര്യം ഉദിക്കുന്നില്ല.

കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധി

* 67. [67] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, സി. കെ. തങ്കപ്പൻ :
,, ഇ. പത്മനാഭൻ :
,, വർക്കല രാധാകൃഷ്ണൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളം എന്തൊക്കെയാണ് ;

(ബി) സംസ്ഥാനത്തെ മുഴുവൻ കശുവണ്ടിത്തൊഴിലാളികൾക്കും തുടർച്ചയായി തൊഴിൽ നൽകാൻ കഴിയുന്ന എന്തെങ്കിലും നടപടി സർക്കാരിനുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കശുവണ്ടി വ്യവസായം ഇന്ന് ഒരു പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് ഗവൺമെൻറ് കരുതുന്നില്ല.

(ബി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളം സഹകരണമേഖലയിൽ കൊണ്ടുവന്ന് പ്രവർത്തിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. അതനുസരിച്ചാണ് 1984-ൽ കാപ്പക്സ് രൂപീകരിച്ചത്. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളം കാപ്പക്സ് ഏറെറടുത്ത് നടത്തണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. സാമ്പത്തിക പരിമിതിമൂലം ഘട്ടം ഘട്ടമായിട്ടേ ഇത് നടപ്പാക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly